"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച താത്കാലിക പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിന്റെ (PMU) പ്രവർത്തനം നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.1109/2024/LSGD തീയതി,തിരുവനന്തപുരം, 22-06-2024

---

പരാമർശം:- (1) സ.ഉ.(സാധാ)നം.755/2023/LSGD തീയതി 29.03.2023.

(2) ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20.03.2024-ലെ 1557/D1/2023/SM നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിലെ തീപിടുത്തത്തിന്റെ പശ്ചാത്തലത്തിൽ കൊച്ചി നഗരസഭയിൽ വികേന്ദ്രീകൃതവും സംയോജിതവുമായ മാലിന്യ സംസ്കരണ സംവിധാനം കൊണ്ടുവരുന്നതിന് വേണ്ടി ആവിഷ്കരിക്കുന്ന പ്രവർത്തന പരിപാടി സമയബന്ധിതമായി നിർവ്വഹിച്ച് ലക്ഷ്യം നേടാൻ നഗരസഭയെ സഹായിക്കുന്നതിന് വേണ്ടി ശുചിത്വ മിഷൻ, കെ.എസ്.ഡബ്ല്യു.എം.പി., ഹരിതകേരളം മിഷൻ, കുടുംബശ്രീ മിഷൻ, ക്ലീൻ കേരള കമ്പനി, സ്മാർട്ട് സിറ്റി പ്രോജക്ട്, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺമാർ എന്നിവരെ നിയോഗിച്ചുകൊണ്ട് സൂചന (1) പ്രകാരം ഒരു പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് (PMU) രൂപീകരിച്ചിരുന്നു.

(2) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഇപ്പോൾ സ്വന്തമായി മാലിന്യ സംസ്കരണ പദ്ധതികളുമായി മുന്നോട്ട് പോകുന്നതിനാൽ സൂചന (1) പ്രകാരം രൂപീകരിച്ചിരുന്ന പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിന്റെ (PMU) പ്രവർത്തനം അവസാനിപ്പിച്ച് ഉത്തരവാകുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അതത് മാതൃ സ്ഥാപനങ്ങളിൽ ജോലിക്ക് ഹാജരാകേണ്ടതാണ്. പ്രോഗ്രാം ഓഫീസറായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.അമീർ ഷാ ആർ.എസ്, തിരികെ ശുചിത്വമിഷനിൽ ഹാജരാകേണ്ടതാണ്. ജില്ലാ ശുചിത്വമിഷൻ ജീവനക്കാരുടെയും കൺസൾട്ടന്റുമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും സേവനം കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ആവശ്യപ്പെടുന്ന അനിവാര്യഘട്ടങ്ങളിൽ മാത്രം ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

കോ-ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി 2.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / ഓഡിറ്റ്, കേരള, തിരുവനന്തപുരം

പ്രൊജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.

മിഷൻ ഡയറക്ടർ, കൊച്ചി സ്മാർട്ട് സിറ്റി മിഷൻ
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി.
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ.
മിഷൻ ഡയറക്ടർ, കൊച്ചി സ്മാർട്ട് സിറ്റി മിഷൻ ലിമിറ്റഡ്.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർ / റിസോഴ്സ് പേഴ്സൺ (വകുപ്പ് മേധാവി മുഖേന)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Pradeesh Kumar M K
Date: 24-06-2024 10:25:08
സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.

പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.

തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.